**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2878** **10-03-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തികളിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി പുതിയതായി പത്തിന കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ എന്നുമുതൽ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വനാതിർത്തികളിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരി ക്കുന്നതിനായി പുതിയതായി പത്തിന കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ 26/02/2025 ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 2025 ഫെബ്രുവരിയിൽ തന്നെ വിവിധ കർമ്മപദ്ധതികൾ ആരംഭിച്ചിട്ടുള്ളതാണ്. Mission FFW/Mission Food, Fodder & Water, Mission Tribal Knowledge (മിഷൻ ഗോത്രഭേരി), Mission Solar Fencing, Mission Primary Response Team, Mission Real Time Monitoring, Mission Sensitization to Public, Mission Science of Human Wildlife Conflict, Mission Bonnet Macaque, Mission Wild Pig, Mission SARPA എന്നിവയാണ് ടി പത്തിന കർമ്മ പദ്ധതികൾ. |
| (ബി) | ഇതിനായി സന്നദ്ധ പ്രതികരണ സേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുൻപു തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനും അപകടങ്ങൾ ഒഴിവാക്കുവാനും തദ്ദേശ വാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി PRT കൾ (Primary Response Teams) രൂപീകരി-ക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തി സംഘർഷം നിയന്ത്രണ വിധേയമാക്കുന്ന മേഖലകളിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റിയർമാർ, പഞ്ചായത്തു-തല BMC അംഗങ്ങൾ, സിവിൽ ഡിഫൻസ് വോളണ്ടിയർമാർ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്./ ഇ.ഡി.സി. അംഗങ്ങൾ, ജൈവ വൈവിധ്യ പരിപാലന സമിതി അംഗങ്ങൾ തുടങ്ങിയ-വരെ ജനജാഗ്രതാ സമിതിയുടെ നിർദ്ദേശാനുസരണം |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി PRTകൾക്ക രൂപം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത് . കൂടാതെ ടി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സന്നദ്ധ-സേനാ അംഗങ്ങളുടെ പങ്കാളിത്തവും സഹകരണവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്ത-നങ്ങൾക്കുകൂടി ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. . PRT യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, പ്രതിബന്ധങ്ങൾ, വഴികൾ, സാമൂഹിക സ്ഥിതി തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂക-രണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. ഘട്ടംഘട്ടമായി മനുഷ്യ-വന്യമൃഗ സംഘർഷം നിലവി-ലുള്ള എല്ലാ മേഖലകളിലും PRT (Primary Response Team) കൾക്ക് രൂപം നൽകുകയാണ് ടി പദ്ധതിയുടെ ഉദ്ദേശ്യം. പൂർണ്ണമായും സന്നദ്ധമായിട്ടായിരിക്കും PRT കളുടെ പ്രവർത്തനം. |
| (സി) | വന്യജീവികളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | നിലവിൽ സംസ്ഥാനത്തിൻറെ വിവിധ വനമേഖലകളിൽ ഡ്രോൺ ഉപയോഗിച്ച് ആവശ്യാനുസരണം നിരീക്ഷണം നടത്തുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ അനുഭവപ്പെടുന്ന ഇടങ്ങളിൽ കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നി-യുള്ള നിരീക്ഷണവും വിവര വിനിമയവും ഏർപ്പെടുത്തു-വാനാണ് മിഷൻ Real Time Monitoring കൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയ-റിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുവാനും സാധിക്കും ആവശ്യമായ സാഹചര്യത്തിൽ ആധുനിക ഡ്രോണുകൾ ഉപയോഗിച്ച് നീരീക്ഷണം നടത്തുന്നതിനും അതിലൂടെ വന്യജീവികളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ